(ബി) വൈക്കം ഡിപ്പോയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 23 ബസുകൾ കണ്ടം ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 14 ബസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 9 എണ്ണം പുതിയ ബസുകളാണ്.

(സി) വൈക്കം ഡിപ്പോയിൽ 58 ബസുകളാണ് നിലവിലുള്ളത്. 3-3-2015- ലെ കണക്കനുസരിച്ച് ഇതിൽ 11 ബസുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുകയാണ്. 49 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ഡി)	2001 മോഡൽ	-	1 എണ്ണം
	2008 മോഡൽ	-	3 എണ്ണം
	2009 മോഡൽ	-	1 എണ്ണം
	2012 മോഡൽ	-	6 എണ്ണം
	2013 മോഡൽ	-	2 എണ്ണം
	2015 മോഡൽ	-	1 എണ്ണം

ആകെ 14 ബസുകൾ

എംപാനൽ ജീവനക്കാരെ പിരിച്ചുവിടൽ

318 (324) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ എംപാനൽ ജീവനക്കാരെ പിരിച്ച് വിട്ട് നിലവിലുള്ള കണ്ടക്ടർ ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഓരോ ഡിപ്പോയിലും സേവനമനുഷ്ഠിക്കുന്ന എംപാനൽ ജീവനക്കാരുടെ എണ്ണവും, ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ട ജീവനക്കാരുടെ വിശദവിവരവും ഡിപ്പോ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഓരോ ഡിപ്പോയിലും സേവനമനുഷ്ഠിക്കുന്ന ഏംപാനൽ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് എന്നിവരുടെ 1-1-2015 തീയതിയിലെ എണ്ണം അനുബന്ധമായി ചേർക്കുന്നു.* സ്ഥിരം ജീവനക്കാരുടെ താൽക്കാലികമായ ഒഴിവുകളിലേക്കാണ് എംപാനൽ ജീവനക്കാരെ നിയമിക്കുന്നത്. സ്ഥിരം ജീവനക്കാരുടെ ലഭ്യതയനുസൃതമായി എംപാനൽ ജീവനക്കാരെ മാറ്റി നിർത്താറുണ്ട്. ഓരോ ദിവസത്തേയും ഒഴിവുകളുടെ എണ്ണം വ്യത്യസ്തമായിരിക്കുമെന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമാക്കുവാൻ സാധിക്കുകയില്ല.

ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

319 (325) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യപ്പെടുന്നു എന്നും പ്രതിദിനം എത്ര ഷെഡ്യൂളുകൾ കാൻസൽ ചെയ്യപ്പെടുന്നു എന്നും പറയാമോ ;

(ബി) ക്യാൻസൽ ആക്കുന്നതിന് എന്തൊക്കെയാണ് കാരണങ്ങൾ എന്നു പറയാമോ;

(സി) ബസ്സുകളുടെ കുറവുകൾ, സ്പെയർ പാർട്ട്സ് ഇല്ലായ്മ ഇവമൂലം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു പറയുമോ?

ഉത്തരം

(എ) ശരാശരി ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ 85 എണ്ണവും, ശരാശരി ക്യാൻസൽ ചെയ്യുന്ന ഷെഡ്യൂളുകൾ 22 എണ്ണവുമാണ്.

(ബി) ബസുകളുടെ ലഭ്യതക്കുറവാണ് ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നതിന് പ്രധാന കാരണം.

(സി) കുറവുള്ള ബസുകൾ, പുതിയ ബസുകൾ ഇറങ്ങുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ആവശ്യമായ സ്പെയർ പാർട്സ് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly